GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

Editor Farm News - Dr. V. Krishnadas

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 10/07/2026

1. കാർഷിക മേഖലയിലെ സമഗ്ര സംഭാവനകൾക്ക് ആദരമായി ₹5 ലക്ഷം സമ്മാനത്തുകയുള്ള 'ശ്രീ ഉമ്മൻ ചാണ്ടി സ്മാരക അവാർഡ്' പുതുതായി ഉൾപ്പെടുത്തി 2025-ലെ സംസ്ഥാന കർഷക അവാർഡുകൾക്ക് സർക്കാർ അംഗീകാരം നൽകി. ഇതോടൊപ്പം 'മട്ടുപ്പാവ് കൃഷി ചെയ്യുന്ന മികച്ച കർഷകൻ (Urban Rooftop Farmer)', 'ഉദ്യാന ശ്രേഷ്ഠ' എന്നീ രണ്ട് പുതിയ വിഭാഗങ്ങളും ₹50,000 വീതം, ഫലകം, സർട്ടിഫിക്കറ്റ്) ഉൾപ്പെടുത്തിയിട്ടുണ്ട്. ആകെ 38 വിഭാഗങ്ങളിലായാണ് ഇത്തവണ സംസ്ഥാന കർഷക അവാർഡുകൾ നൽകുന്നത്. അവാർഡുകൾക്കായുള്ള അപേക്ഷകൾ 2026 ജൂലൈ 13 വരെ ബന്ധപ്പെട്ട കൃഷിഭവനുകളിൽ സമർപ്പിക്കാം. സംസ്ഥാന കർഷക അവാർഡുകളിൽ കാർഷിക മേഖലയിലെ മികച്ച പ്രവർത്തനം

കാഴ്ചവയ്ക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനുള്ള 'സി. അച്യുതമേനോൻ സ്മാരക അവാർഡ്' (₹10 ലക്ഷം), മികച്ച കൃഷിഭവനുള്ള 'വി.വി. രാഘവൻ സ്മാരക അവാർഡ്' (₹5 ലക്ഷം), 'പത്മശ്രീ കെ. വിശ്വനാഥൻ മെമ്മോറിയൽ നെൽക്കതിർ അവാർഡ്' (₹3 ലക്ഷം), 'സിബി കല്ലിങ്കൽ സ്മാരക കർഷകോത്തമ അവാർഡ്' (₹2 ലക്ഷം), 'കേരകേസരി' (₹2 ലക്ഷം), പൈതൃക കൃഷി/വിത്ത് സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്ന ആദിവാസി ഉന്നതി/സംഘത്തിനുള്ള അവാർഡ് (₹2 ലക്ഷം), മികച്ച ജൈവ കർഷകൻ (₹2 ലക്ഷം) എന്നിവയുൾപ്പെടെ വിവിധ വിഭാഗങ്ങളിലായി അംഗീകാരങ്ങൾ നൽകും. അപേക്ഷാ ഫോറങ്ങളും കൂടുതൽ വിവരങ്ങളും ബന്ധപ്പെട്ട കൃഷിഭവനുകളിൽ ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് www.keralaagriculture.gov.in സന്ദർശിക്കാം. അവാർഡുകൾ 2026 ഓഗസ്റ്റ് 17-ന് നടക്കുന്ന സംസ്ഥാന കർഷകദിനാഘോഷ ചടങ്ങിൽ വിതരണം ചെയ്യും.

2. സംസ്ഥാന_കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് 2025-ലെ സംസ്ഥാന കർഷക അവാർഡുകളുടെ ഭാഗമായി മാധ്യമരംഗത്തെ മികവിന് നൽകുന്ന 'കർഷക ഭാരതി' അവാർഡിന് അപേക്ഷ ക്ഷണിച്ചു. മലയാള ഭാഷയിലൂടെ കാർഷിക മേഖലയ്ക്ക് വിലപ്പെട്ട സംഭാവനകൾ നൽകിയ മികച്ച ഫാം ജേർണലിസ്റ്റുകളെയാണ് അവാർഡിന്

പരിഗണിക്കുന്നത്. വ്യക്തികളുടെ അപേക്ഷകൾ മാത്രമേ സ്വീകരിക്കുകയുള്ളൂ. ഗവേഷണ പ്രസിദ്ധീകരണങ്ങൾ പരിഗണിക്കില്ല. അച്ചടി മാധ്യമം, ദൃശ്യ മാധ്യമം, നവമാധ്യമം എന്നീ മൂന്ന് വിഭാഗങ്ങളിലായാണ് കർഷക ഭാരതി അവാർഡുകൾ നൽകുന്നത്. ഓരോ വിഭാഗത്തിലും വിജയിക്കുന്നവർക്ക് ₹50,000 ക്യാഷ് അവാർഡ്, ഫലകം, സർട്ടിഫിക്കറ്റ് എന്നിവ ലഭിക്കും. അവാർഡ് വിജ്ഞാപന തീയതി മുതൽ പിന്നോട്ടുള്ള ഒരു വർഷക്കാലയളവിലെ മാധ്യമപ്രവർത്തന മികവാണ് വിലയിരുത്തുക. അപേക്ഷാ ഫോറവും വിശദമായ മാർഗനിർദേശങ്ങളും www.keralaagriculture.gov.in എന്ന കൃഷിവകുപ്പ് വെബ്സൈറ്റിലും www.fibkerala.gov.in എന്ന വെബ്സൈറ്റിലും ലഭ്യമാണ്. അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി 2026 ജൂലൈ 14. അപേക്ഷകൾ പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ, കവടിയാർ, തിരുവനന്തപുരം – 695003 എന്ന വിലാസത്തിൽ അയയ്ക്കണം. കവറിന് പുറത്ത് 'കർഷക ഭാരതി അവാർഡ് 2025 – (വിഭാഗത്തിന്റെ പേര്)' എന്ന് വ്യക്തമായി രേഖപ്പെടുത്തണം.

3. കർഷക സുരക്ഷയും വിള സംരക്ഷണവും ഉറപ്പാക്കുന്നതിനായി സംസ്ഥാന കൃഷി വകുപ്പ് നടപ്പിലാക്കുന്ന കാലാവസ്ഥ അധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതി (WBCIS) – ഖരീഫ് 2026 സീസൺ അപേക്ഷ

ക്ഷണിച്ചു. അർഹതപ്പെട്ട കർഷകർക്ക് അംഗീകൃത ഏജൻസികളിലൂടെയോ ഔദ്യോഗിക ഓൺലൈൻ പോർട്ടലിലൂടെയോ അപേക്ഷ സമർപ്പിക്കാവുന്നതാണ്. പ്രസ്തുത സീസണിൽ കൃഷി ചെയ്യുന്ന കർഷകർ ഈ അവസരം പ്രയോജനപ്പെടുത്തി അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷ സമർപ്പിച്ച ശേഷം ലഭിക്കുന്ന പോളിസി കോപ്പി നിർബന്ധമായും പരിശോധിച്ച് അതിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രീമിയം തുക, ഇൻഷുറൻസ് ചെയ്ത പഞ്ചായത്ത്, വിളയുടെ പേര് എന്നിവ കൃത്യമാണോയെന്ന് ഉറപ്പുവരുത്തി സൂക്ഷിക്കേണ്ടതാണ്. കാലാവസ്ഥ വ്യതിയാനങ്ങൾ മൂലമുള്ള കൃഷിനാശത്തിൽ നിന്നും കർഷകർക്ക് സാമ്പത്തിക സുരക്ഷ ഉറപ്പാക്കുന്നതിന് ലക്ഷ്യമിട്ടുള്ള ഈ പദ്ധതിയിൽ കൂടുതൽ കർഷകർ പങ്കാളികളാകണമെന്നും അധികൃതർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്കും അപേക്ഷയ്ക്കുമായി കർഷകർക്ക് അംഗീകൃത ഏജൻസിയായ അഗ്രിക്കൾച്ചർ ഇൻഷുറൻസ് കമ്പനിയുമായി ബന്ധപ്പെടുകയോ ഔദ്യോഗിക ഓൺലൈൻ പോർട്ടൽ ആയ https://pmfby.gov.in സന്ദർശിക്കുകയോ 1800-425-7064 എന്ന ടോൾ ഫ്രീ നമ്പറിൽ വിളിക്കുകയോ ചെയ്യാവുന്നതാണ്.

4. കൃഷി വകുപ്പിന്റെ 100 ദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ നടപ്പിലാക്കുന്ന RKVY RAFTAAR- Fruit Nutrition Garden In Educational Institutions തിരഞ്ഞെടുക്കപ്പെട്ട സംസ്ഥാനത്തെ സ്കൂളുകളിൽ 'കനിപ്പന്തൽ-ഇനി വിദ്യാലയങ്ങളിലും' എന്ന പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം വയനാട് ജില്ലയിലെ കൽപ്പറ്റ ബ്ലോക്കിൽ 2026 ജൂലൈ 17- ന് കൃഷിവകുപ്പ് മന്ത്രി ടി സിദ്ധിഖ് നിർവഹിക്കും. ഗുണനിലവാരമുള്ള ഫലവൃക്ഷതൈകൾ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നട്ടു പിടിപ്പിക്കൽ, അവയുടെ പരിപാലനം, അതിലുപരി സ്കൂൾ ക്യാമ്പസുകൾ കൂടുതൽ ഹരിതാഭമാക്കുക വിദ്യാർത്ഥികളിൽ പ്രകൃതിയോടും കൃഷിയോടുമുള്ള താത്പര്യവും ഉത്തരവാദിത്വ ബോധവും വളർത്തുക എന്നീ ആശയങ്ങളും കനിപ്പന്തൽ പദ്ധതി ലക്ഷ്യമിടുന്നു. ഹോർട്ടിക്കൾച്ചർ മിഷൻ നടപ്പിലാക്കി വരുന്ന രാഷ്ട്രീയ കൃഷിവികാസ് യോജന - പഴവർഗ്ഗ പോഷക തോട്ട പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഈ ക്യാമ്പയിൻ സംഘടിപ്പിക്കുന്നത്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ രൂപം കൊള്ളുന്ന ഗ്രീൻ കേഡറ്റ് കോർപ്പ് തുടങ്ങിയ വിദ്യാർത്ഥി കൂട്ടായ്മകളുടെ നേതൃത്വത്തിലും സമ്പൂർണ്ണ വിദ്യാർത്ഥി പങ്കാളിത്തത്തോടെയുമായിരിക്കും പദ്ധതി നടപ്പിലാക്കുന്നത്. നിലവിൽ 2921 സ്കൂളുകളാണ് 14 ജില്ലകളിലായി തിരഞ്ഞെടുത്തിട്ടുള്ളത്. ഓരോ ജില്ലയിലും ശരാശരി 300 യൂണിറ്റുകൾ വീതം നടപ്പിലാക്കുന്നു.

5. എറണാകുളം ജില്ലയിലെ കോലഞ്ചേരി മൃഗാശുപത്രിയിൽ 2 മാസം പ്രായമുള്ള മുട്ടക്കോഴിക്കുഞ്ഞുങ്ങളെ 130 രൂപ നിരക്കിൽ 11 ന് രാവിലെ 9.30ന് വിതരണം ചെയ്യും. കൂടുതൽ വിവരങ്ങൾക്ക് 9895205867 എന്ന നമ്പറിൽ ബന്ധപ്പെടുക.

6. കേരള കാർഷിക സർവകലാശാലയുടെ വെള്ളായണി കാർഷിക കോളജിലെ മോളിക്യുലാർ ബയോളജി ആൻഡ് ബയോടെക്നോളജി വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ പ്ലാന്റ് ടിഷ്യുകൾച്ചർ ടെക്നിക്കുകളിൽ 10 ദിവസത്തെ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. ഓഗസ്റ്റ് ആദ്യവാരം നടക്കുന്ന പരിശീലനത്തിൽ ആദ്യം രജിസ്റ്റർ ചെയ്യുന്ന 10 പേർക്കാണ് അവസരം. പതിനായിരം രൂപയും ജിഎസ്ടിയും ഉൾപ്പെടെയുള്ള തുകയാണ് രജിസ്ട്രേഷൻ ഫീസ്. കാർഷിക കോളേജിലെ പ്ലാന്റ് ടിഷ്യുകൾച്ചർ ലബോറട്ടറിയിലാണു പരിശീലനം. കൂടുതൽ വിവരങ്ങൾക്ക് 7709010485 എന്ന നമ്പറിൽ ബന്ധപ്പെടുക.